പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1968 *16.06.2014*-ൽ മറുപടിക്ക്

അങ്കമാലി ബസ് സ്റ്റാന്റിന് സ്ഥലം ഏറ്റെടുക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസ് തെറ്റയിൽ : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | അങ്കമാലി കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റിലേക്കുള്ള പ്രവേശന കവാടത്തിനായുള്ള സ്ഥലം ഏറ്റെടുക്കുന്നതിലെ കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ; | (എ) | അങ്കമാലി കെ.എസ്.ആർ.ടി.സിയുടെ 3.83 ആർ സ്ഥലം അടിയന്തര ഖണ്ഡ പ്രകാരം ഏറ്റെടുക്കുവാൻ ജോലികൾ പുരോഗമിച്ച് ഡ്രാഫ്റ്റ് അവാർഡ് വരെ ആയ സമയത്ത് സ്ഥല ഉടമകൾ കോടതിയിൽ കേസ് ഫയൽ ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ സാധാരണ ഖണ്ഡ പ്രകാരം സ്ഥലമെടുക്കുവാൻ കോടതി ഉത്തരവായി. 5(എ) എൻക്വയറി മുതൽ അവാർഡുകൾ വരെയുള്ള നടപടികൾ വീണ്ടും ചെയ്യേണ്ടിവന്നതും കക്ഷികൾ ആധാരം സമർപ്പിക്കാത്തതിനാൽ സെക്ഷൻ 32 പ്രകാരം അവാർഡ് തുക കോടതിയിൽ കെട്ടുകയും സെക്ഷൻ 47 വാറന്റ് പ്രകാരം 3.59 ആർ സ്ഥലം ഏറ്റെടുക്കുകയും ചെയ്യേണ്ടിവന്നു.<br><br>കൂടാതെ സർവ്വെ സബ് ഡിവിഷൻ റെക്കോർഡുകൾ തയ്യാറാക്കുമ്പോൾ 0.0024 ഹെക്ടർ സ്ഥലം മറ്റൊരു സർവ്വെ നമ്പറിലാണ് കിടക്കുന്നതെന്ന് കണ്ടെത്തിയതിനാൽ ടി സർവ്വെ നമ്പറിൽ മാത്രമായി പ്രത്യേക എൽ.എ നടപടികൾ ആരംഭിക്കേണ്ടി വന്നതും തുടർന്ന് സർക്കാരിൽ റവന്യൂ വകുപ്പിൽ നിന്നുള്ള നടപടികൾ |

| | | | |
|---|---|---|---|
| | | | പൂർത്തിയാക്കുകയും ഈ സ്ഥലത്തിന് മാത്രമായി 4(1) പ്രസിദ്ധീകരിക്കുകയും 6(1) പ്രഖ്യാപനം നടത്തേണ്ടി വന്നതും കാലതാമസത്തിന് കാരണമായിട്ടുണ്ട്. |
| (ബി) | അക്വിസിഷൻ നടപടികളിൽ നിന്നും വിട്ടുപോയിരുന്ന സ്ഥലം ഏറ്റെടുക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) | അക്വിസിഷനിൽ നിന്ന് വിട്ടു പോയ 0.0024 ഹെക്ടർ സ്ഥലത്തിന്റെ രേഖാനുമതി 13.05.2014-ൽ നൽകുകയും പുതിയ പൊന്നുംവില നിയമത്തിന്റെ വെളിച്ചത്തിൽ ഡി.വി.എസ് തയ്യാറാക്കുവാൻ 28.05.2014-ൽ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ആദ്യത്തെ ബി.വി.ആർ തയ്യാറാക്കി ഡി.വി.എസ് സമർപ്പിക്കുന്ന നടപടി സമയബന്ധിതമായി പൂർത്തിയാക്കുന്നതാണ്. |
| (സി) | ഇതു സംബന്ധിച്ച കേസിന്റെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കാമോ? | (സി) | സ്ഥലം പൊന്നുംവിലയ്ക്കെടുത്തതുമായി ബന്ധപ്പെട്ട് സബ് കോടതിയിൽ ഫയൽ ചെയ്ത 14/2013, 15/2013 എന്നീ കേസ്സുകളിൽ കോടതിയിൽ കെട്ടി വച്ചിട്ടുള്ള തുക സ്ഥല ഉടമകൾക്ക് കൈമാറുന്നതിന് വിധി വന്നിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ